പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4157 24/6/2019 ൽ മറുപടിക്ക്

## കന്നുകാലി വർഗോദ്ധാരണത്തിന് നടത്തിവരുന്ന പദ്ധതികൾ

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി :
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.പാറക്കൽ അബ്ദുല്ല
ശ്രീ.പി.കെ.ബഷീർ:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കന്നുകാലി വർഗോദ്ധാരണത്തിന് മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പുസാമ്പത്തിക വർഷം കൃത്രിമ ബീജാധാനം വഴി ഉല്പാദനക്ഷമത കൂടിയ പശുക്കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി 640 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കെ.എൻ.ഡി.ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.<br><br>• 2008 ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും2018 ൽ പുതിയ കന്നുകാലി പ്രജനന നയം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കന്നുകാലി പ്രജനന നയത്തിനനുസൃതമായി പ്രജനന പരിപാടികൾ നടന്നുവരുന്നു.<br><br>• സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി, ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ശാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ 2939 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബോർഡ് എത്തിക്കുന്നു.<br><br>• 2016-17 ആയപ്പോഴേയ്ക്കും സംസ്ഥാനത്തിനകത്തെ സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുല്പ്പാദനം 10.25 ലിറ്ററായി ഉയർന്ന് കഴിഞ്ഞു. ഇത് തുടർന്നും വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതികൾ കൂടി ബോർഡ് നടപ്പിലാക്കുന്നു.<br><br>**a)** വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള "സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ, എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും, ഇവിടെ നിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉല്പാദിപ്പിച്ച്, ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.<br>**b)** കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി, അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു.<br><br>**c)** വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും, നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്തു, അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു.<br><br>**d)** കാനഡയിൻ നിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്തു സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു.<br><br>പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി, കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്തു കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ മൊത്തം കാലിസമ്പത്തിന്റെ എത്ര ശതമാനമാണ് സങ്കരയിനം ഉള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) | മൊത്തം കന്നുകാലി സമ്പത്തിന്റെ 94% വും സങ്കരയിനത്തിലുള്ളതാണ്. |
| സി) | 2018-19 കാലയളവിൽ പാലിന്റെ പ്രതിശീർഷ ലഭ്യത എത്രയാണ്; | സി) | 2018-19 ലെ Major Livestock Products (MLP) ആയ പാലിന്റെ ഉത്പാദന കണക്കുകൾ കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് ലഭിച്ചിട്ടില്ല. 2017-18 ലെ പാലിന്റെ പ്രതിശീർഷ ലഭ്യത 192gm/dayആണ്. |
| ഡി) | ഇറച്ചി-പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ? | ഡി) | മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വേണ്ടിയുള്ളതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ മൃഗചികിത്സാ സേവനം , പ്രജനന പ്രവർത്തനങ്ങൾ, കന്നുകാലി , ആട്, പന്നി, കോഴി, താറാവ് വികസന പദ്ധതികൾ, കർഷക പരിശീലന പദ്ധതി, മൃഗസമ്പത്ത് വർദ്ധിപ്പക്കൽ പദ്ധതി എന്നിവയെല്ലാം മേൽ പ്രവർത്തനം ത്വരിതപ്പെടുത്തുന്നത് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇറച്ചിയുടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ള പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>**ആട് വളർത്തൽ പദ്ധതി**<br><br>5 പെണ്ണാടും ,1 മുട്ടനാടും നൽകുന്ന പദ്ധതി - ഒരു ഗുണഭോക്താവിന് 25000 രൂപ ധനസഹായം ലഭിക്കും. 2019-2020 ൽ 1298 യൂണിറ്റുകൾ സ്ഥാപിക്കും.<br><br>**വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ യൂണിറ്റുകൾ - 191.5 ലക്ഷം**<br><br>2018-19 ൽ വ്യാവസായികാടിസ്ഥാനത്തിൽ 20 ആട്ടുകളടങ്ങുന്ന 140 ആട്ടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി. 2019-20ലും പ്രസ്തുത പദ്ധതി തുടരും.<br><br>**മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി - 88.5 ലക്ഷം**<br><br>ഒരു യൂണിറ്റിന് 10000 രൂപ ധനസഹായം നൽകി. ഓണാട്ടുകര മേഖല വരുന്ന കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19 ൽ കൊല്ലം ജില്ലയിൽ 440 യൂണിറ്റും , ആലപ്പുഴ ജില്ലയിൽ 555 യൂണിറ്റുകളും നടപ്പിലാക്കി. കഴിഞ്ഞ വർഷം 995 യൂണിറ്റുകൾ സ്ഥാപിച്ചു. 2019-20 സാമ്പത്തിക വർഷവും ഇത് തുടരും. |

| | | | |
|---|---|---|---|
| | | | **സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**<br><br>**കർഷകർക്കൊരു കൈത്താങ്ങ്**<br><br>കേരള സർക്കാർ സംസ്ഥാനമൊട്ടാകെയുള്ള കന്നുകാലികൾക്കും ക്ഷീരകർഷകർക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിലൂടെ പരിരക്ഷ ഉറപ്പാക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി മൂന്നാം വർഷത്തിൽ എത്തി നിൽക്കുന്നു. തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നതു മൂലം ടി പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂട്ടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ